അംഗൻവാടികൾ കേന്ദ്രീകരിച്ച് അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ പദ്ധതി

32 [3546] *ശ്രീ. കളത്തിൽ അബ്ദുള്ള:*
,, *സി. ടി. അഹമ്മദ് അലി:*
,, *നാലകത്ത് സൂപ്പി:*
,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗമേഖലയിൽ അംഗൻവാടികൾ കേന്ദ്രീകരിച്ച് അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ സഹായകമായ എന്തെങ്കിലും പദ്ധതി ഇപ്പോഴുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി ഇപ്പോൾ നടക്കുന്നത് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അംഗൻവാടികൾ കേന്ദ്രീകരിച്ച് അർഹരായ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവ് പരിഹരിക്കുവാൻവേണ്ടിയുള്ള അനുപൂരക പോഷകാഹാരപരിപാടി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗമേഖലയിലുള്ള അംഗൻവാടികളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) അനുപൂരക പോഷകാഹാര പരിപാടിയിൽ പട്ടികവർഗ്ഗവിഭാഗത്തിലുള്ള 20442 കുഞ്ഞുങ്ങളും 3694 അമ്മമാരും ഗുണഭോക്താക്കളാണ്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അംഗൻവാടിവഴിയുള്ള അനുപൂരക പോഷകാഹാര പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നു.

അംഗൻവാടി അനുവദിക്കുന്നതിന് മാനദണ്ഡമാക്കിയ ജനസംഖ്യ

33 [3547] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾ അനുവദിക്കുന്നതിന് മാനദണ്ഡമാക്കിയ ജനസംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി എന്ന തോതിൽ അനുവദിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി ഗ്രാമപ്പഞ്ചായത്തുകളിൽനിന്നും സർക്കാരിന് വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly